# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2766 18.08.2017- ൽ മറുപടിക്ക്

## ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ എൽ.ഡി. ക്ലാർക്ക് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ .രാമചന്ദ്രൻ** | **പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ എൽ.ഡി. ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013,7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതി യിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്) നം.220/2015/പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായി ട്ടുണ്ട്. |
| (ബി) ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന അനദ്ധ്യാപകജീവനക്കാരാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ; | (ബി) ലാബ് അസിസ്റ്റന്റ് തസ്തികകൾ മാത്രമേ അനധ്യാപക ജീവന ക്കാരായി നിലവിൽ പ്രവർത്തി ക്കുന്നുള്ളൂ. |

| | |
|---|---|
| (സി) എല്ലാ ഹയർസെക്കന്ററി വിദ്യാലയങ്ങളിലും ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ; വിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തിക അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013,7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്) നം.220/2015/പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനാവശ്യമായ ക്ലാർക്ക് തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ